# കോവിഡ് കാലത്തെ കുടുംബശ്രീ പ്രവർത്തനം

# വിശകലന റിപ്പോർട്ട്

## ബൈസൺവാലി സി ഡി എസ്


തയ്യാറാക്കിയത്,

ശ്രീദേവി ജെ നായർ

MIS BC DEVIKULAM

രണ്ടായിരുപതാം ആണ്ട് പിറവിയിൽ തന്നെ കോവിഡ്- 19 പ്രതിസന്ധി കാലഘട്ടത്തിലൂടെയാണ് നാം എല്ലാം കടന്നു പോവുന്നത്. ഈ പ്രതിസന്ധിയിൽ കൂടുതൽ ഊർജസ്വലതയോടെ പ്രവർത്തിക്കുകയാണ് ഇടുക്കി ജില്ലയിലെ ബൈസൺവാലി CDS. കോവിഡ്-19 പ്രതിരോധിക്കാൻ സമൂഹത്തിനൊപ്പം സിഡിഎസും ഉണ്ട്. ലോക്ക്ഡൗൺ സമയത്ത് അയൽക്കൂട്ട അംഗങ്ങൾക്ക് ഉപകാരപ്രദമായ തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കി. പച്ചക്കറിവിത്തുകൾ, തൈകൾ, മാസ്ക്കുകൾ, തുടങ്ങിയവ വിതരണം ചെയ്യുകയും, മേൽതട്ടിൽ നിന്നും വരുന്ന വാർത്തകൾ വാട്സ്ആപ് ഗ്രൂപ്പുകൾ വഴി കീഴ്തട്ട് വരെ എത്തിക്കുന്നതിന് വലിയ ഒരു പങ്ക് തന്നെ വഹിച്ചു.

## പ്രവർത്തനങ്ങൾ

### 1. വാട്സ്ആപ് ഗ്രൂപ്പുകൾ

ലോക്ക്ഡൗൺ സമയത്തായിരുന്നു വാട്സ്ആപ് ഗ്രൂപ്പുകളുടെ പ്രചരണം. മുകൾ തട്ടിൽ നിന്ന് നിർദ്ദേശിക്കുന്ന ചർച്ചകൾ, വാർത്തകൾ എല്ലാം കീഴ്തട്ട് വരെ എത്തിക്കുവാൻ വേണ്ടി ADS തലം മുതൽ അയൽക്കൂട്ട തലം വരെ അയൽക്കൂട്ട അംഗങ്ങളെ ഉൾപ്പെടുത്തി വാട്സ് ആപ് ഗ്രൂപ്പുകൾ ഉണ്ടാക്കുന്നതിൽ മുൻപന്തിയിലായിരുന്നു ബൈസൺവാലി CDS. ADS തലത്തിൽ ഓരോ അയൽക്കൂട്ടത്തിലെ പ്രസിഡന്റ്, സെക്രട്ടറിമ്മാരെ ഉൾപ്പെടുത്തി ഒരു വാട്സ് ആപ് ഗ്രൂപ്പ്. ആ ഗ്രൂപ്പിൽ ചർച്ച ചെയ്യുന്ന കാര്യങ്ങൾ അയൽക്കൂട്ടത്തിലെ ഓരോ അംഗത്തിനും ലഭിക്കുവാൻ വേണ്ടി അയൽക്കൂട്ട തലത്തിൽ എല്ലാ അംഗങ്ങളേയും ഉൾപ്പെടുത്തി ഒരു ഗ്രൂപ്പും കൂടി ചെയ്തു. ഇതിൽ 75% മാത്രമേ വിജയിച്ചുള്ളൂ. സാധരണ തോട്ടം തൊഴിലാളികളൊക്കെയുള്ള ഒരു ഗ്രാമമാണ് ബൈസൺവാലി. ആയതിനാൽ സ്മാർട്ട് ഫോൺ ഇല്ലാത്ത വീടുകളുണ്ട്. ഗ്രൂപ്പുകളിൽ വരുന്നവ കൃത്യമായും ഷെയർ ചെയ്യുന്നുണ്ട്.

**2. കമ്യൂണിറ്റി കിച്ചൻ**



2020 മാർച്ച് 26-ം തീയതിയാണ് ബൈസൺവാലി CDS-ന്റെ നേതൃത്വത്തിൽ കമ്യൂണിറ്റി കിച്ചൻ ആരംഭിച്ചത്. ആദ്യ നാല് ദിവസത്തിന് ശേഷം പഞ്ചായത്തുമായി സഹകരിച്ച് വളരെ ഫലപ്രദമായി കമ്മ്യൂണിറ്റി കിച്ചൻ പൂർത്തികരിച്ചു. നീതി അയൽക്കൂട്ട അംഗമായ ഷൈല ബാബു, ഷൈല സജി, രശ്മി അയൽക്കൂട്ടത്തിലെ ഗീത സുരേഷ് ,അമൃത അയൽക്കൂട്ടത്തിലെ മാരിയമ്മ എന്നിവരാണ് കമ്മ്യൂണിറ്റി കിച്ചനിൽ പ്രവർത്തിച്ചത്. ആശ്രയ ഗുണഭോക്താക്കൾ, അതിഥി തൊഴിലാളികൾ, കിടപ്പുരോഗികൾ എന്നീ വിഭാഗത്തിൽപ്പെട്ട ഏകദേശം 500 പേർക്ക് ഭക്ഷണം പാഴ്സൽ ആയി നല്കി.

**3. ജനകീയ ഹോട്ടൽ**

2020 ഏപ്രിൽ 9 ന് CDS ന്റെ നേതൃത്വത്തിൽ ജനകീയ ഹോട്ടൽ ആരംഭിച്ചു.പ്രഭാത ഭക്ഷണം, ഊണ് എന്നിവയാണ് ഇവിടെ നിന്ന് പാഴ്സൽ നല്കുന്നത്. ഒരു ഊണിന് 20 രൂപയാണ് ഈടാക്കുന്നത്. ദിവസേന ഏകദേശം ഇരുപത്തിയഞ്ചോളം ആളുകൾക്ക് ഭക്ഷണവിതരണം നടത്തുന്നു.



ബൈസൺവാലിയിൽ
ജനത ഹോട്ടൽ ആരംഭിച്ചു



## ക്രിയാത്മക പ്രവർത്തനങ്ങൾ

### മാസ്ക് നിർമ്മാണം



പഞ്ചായത്തിൽ നിന്ന് മാസ്ക് നിർമ്മാണത്തിനുള്ള തുണി കുടുംബശ്രീ അംഗങ്ങൾക്ക് വിതരണം ചെയ്യുകയും അവർ അത് സൌജന്യമായി തുന്നി പഞ്ചായത്തിന് നല്കുകയും, അവിടുന്ന് മാസ്ക് പഞ്ചായത്തിലെ എല്ലാ ആളുകൾക്കും വിതരണം ചെയ്യുകയും ചെയ്തു.

### ബാലസഭ



കുട്ടികൾക്കായി ചിത്രരചനാ മത്സരം സംഘടിപ്പിച്ചു. പത്തോളം കുട്ടികൾ പങ്കെടുത്തു. കുട്ടികൾ പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ചു. ലോക്ക്ഡൌൺ കാലം ആനന്ദകരമാക്കുവാൻ ഇത്തരം പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്കായി.

### കാർഷികരംഗം



കൃഷിഭവനുമായി സഹകരിച്ച് അവിടെ നിന്നും ലഭിച്ച വിത്തുകൾ അയൽക്കൂട്ട അംഗങ്ങളുടെ കൈയ്യിലെത്തിച്ചു. അവർ അത് കൃത്യമായി നട്ട് പരിപാലിക്കുന്നു. സി ഡി എസ്സി ന്റെ കീഴിലുള്ള 70 ഓളം ജെ എൽ ജി കൾ പച്ചക്കറി, കപ്പ, ചേമ്പ്,

ചേന എന്നിവ കൃഷി ചെയ്തു. പല അയൽക്കൂട്ട അംഗങ്ങളും മത്സ്യ കൃഷി, കാലി വളർത്തൽ എന്നിവയ്ക്ക് താല്പര്യം കാണിക്കുന്നുണ്ട്.



സി ഡി എസ്സി ന് കീഴിൽ പ്രവർത്തിക്കുന്ന പ്ലാന്റ് നഴ്സറിയിൽ നിന്ന് വഴുതന, കത്രിക്ക, തക്കാളി, കാബേജ്, പയർ, പച്ചമുളക്, ചീര, മത്ത, കുമ്പളം, വെള്ളരി, വെണ്ട തുടങ്ങീ വിവിധയിനം പച്ചക്കറി തൈകൾ ജെ എൽ ജി കൾക്കും സമീപവാസികൾക്കും സൌജന്യമായി വിതരണം ചെയ്തു.

**വയോജന പരിപാലനം**



60 വയസ്സ് കഴിഞ്ഞവർക്ക് പ്രത്യേക പരിഗണന കൊടുക്കുകയും അവരുടെ ക്ഷേമ വിവരങ്ങൾ വിളിച്ചന്വഷിക്കുകയും ചെയ്തു. പ്രഷർ, ഷുഗർ എന്നിവയുടെ മരുന്ന് ലഭിക്കുവാൻ അവർക്ക് വേണ്ട സഹായങ്ങൾ ചെയ്യുന്നുണ്ട്.

ആശ്രയ ഗുണഭോക്താക്കളുടെ സുഖവിവരങ്ങൾ തിരക്കി മരുന്നുകൾ ലഭിക്കാത്തവർക്ക് ആശ വർക്കറുമായി ബന്ധപ്പെടുത്തി അവർക്ക് വേണ്ട സഹായങ്ങൾ ADS വഴി ചെയ്തു.

**സപ്ലൈക്കോ പാക്കിങ്**

പൊതുവിതരണവുമായി ബന്ധപ്പെട്ട് സപ്ലൈക്കോ പാക്കിങ്ങിൽ 7-ാം വാർഡിലെ 6 ADS അംഗങ്ങൾ, 4-ാം വാർഡിലെ കാരുണ്യ, ഐശ്വര്യ അയൽക്കൂട്ടത്തിലെ അംഗങ്ങൾ, 4-ാം വാർഡ് ADS പ്രവർത്തകർ, 5 ആം



വാർഡിലെ ഒരു അയൽക്കൂട്ട അംഗം എന്നിവരുടെ പ്രവർത്തനം അഭിനന്ദനീയമായിരുന്നു. സമയം ക്രമമൊന്നും നോക്കാതെ അവനവനെ കൊണ്ട് കഴിയുന്ന വിധം പാക്കിങ് എല്ലാം വേഗത്തിൽ തീർത്തു. ഏകദ്ദേശം 1500 ഓളം കിറ്റുകൾ ബൈസൺവാലി സപ്ലൈക്കോ സെന്ററിലാണ് പാക്ക് ചെയ്തത്.

**CMHLS LOAN**

CMHLS വായ്പയുടെ പ്രവർത്തനം മികച്ചതായി നടക്കുന്നു.

| NO OF NHG APPLIED | NO OF NHG MEMBERS APPLIED | AMOUNT APPLIED | NO OF LOAN SANCTIONED | AMOUNT SANCTIONED |
|---|---|---|---|---|
| 120 | 1427 | 7435000 RS | 26 NHG (318-MEMBERS) | 1590000 RS |

ഭാവിപരിപാടികൾ

1. ജെഎൽജികൾ വഴി പച്ചക്കറി, കിഴങ്ങ് വിളകൾ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുക.
2. തരിശ് നിലങ്ങൾ എറ്റെടുത്ത് കൃഷിയോഗ്യമാക്കുക
3. കന്നുകാലി വളർത്തൽ, മത്സ്യകൃഷി, കോഴിവളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുക.
4. മൈക്രോസംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.
5. തളർന്ന് കിടക്കുന്ന സംരംഭങ്ങൾക്ക് പുനരുദ്ധാരണത്തിന് പ്രോത്സാഹനം നൽകുക.
6. മാസ്ക്, സാനിറ്റൈസർ നിർമ്മാണയൂണിറ്റുകൾ ആരംഭിക്കുക
7. മാലിന്യനിർമ്മാജനം കാര്യക്ഷമമാക്കി നടപ്പിലാക്കുക